(ബി) 2.6.1998-ലെ മലപ്പുറം ജില്ലാ കളക്ടറുടെ പ്രൊസീഡിംഗ്സ് നം. 47677/93/എച്ച് 4 പ്രകാരം ശ്രീമതി ആമിനയ്ക്ക് കേരള ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് പെൻഷൻ നൽകുന്നതിനായി ജില്ലാ കളക്ടർ അക്കൗണ്ടന്റ് ജനറലിന്റെ ആഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) മലപ്പുറം കളക്ടർ പെൻഷൻ അനുവദിച്ച തീയതിയായ 2.6.98 മുതൽ ശ്രീമതി ആമിന പെൻഷന് അർഹയാണ്. തുക കാലതാമസം കൂടാതെ അനുവദിക്കണമെന്ന് ജില്ലാ കളക്ടർ അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

19 (643) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ഉഴുവത്തുകടവ് ലോകമലേശ്വരത്ത് ശ്രീ. സി. ഐ. വാസുവിന്റെ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷന് ഉള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരികയാണ്.

20 (644) പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ അതൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതായി ഗവൺമെന്റിന് അറിവുണ്ടോ;

(ബി) സ്റ്റാറ്റ്യൂട്ടറി അധികാരമില്ലാത്ത പ്ലാനിംഗ് ബോർഡ് നിയമനത്തിലില്ലാത്ത എക്സ്പെർട്ട് കമ്മിറ്റികളിലൂടെ പഞ്ചായത്ത് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നു എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ബോർഡിൽ എത്ര ഫുൾടൈം അംഗങ്ങളുണ്ട്?

ഉത്തരം

(എ) ഒരു രാഷ്ട്രീയ പാർട്ടിയും രേഖാമൂലം അതൃപ്തി അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദഗ്ധ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ ഭരണപരമോ, വികസനപരമോ ആയ യാതൊരു കാര്യങ്ങളിലും ഇടപെടാറില്ല. തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ചു നൽകുന്ന പദ്ധതി രേഖകളും പ്രോജക്ടുകളും പരിശോധിച്ച് നിർവ്വഹണ യോഗ്യമാക്കുക, പ്രോജക്ടുകളുടെ സാങ്കേതിക ഘടന വിശകലനം ചെയ്ത് സാങ്കേതിക അനുമതി നൽകുക എന്നിവയാണ് ഈ സമിതികളുടെ ചുമതല. ഈ രീതിയിൽ ഈ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വഹണ കാര്യങ്ങളിൽ സഹായിക്കുകയാണ് ചെയ്യുന്നത്. ഈ സമിതികളെ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ചാണ് രൂപീകരിച്ചിട്ടുള്ളത്.

(സി) ഒന്ന്.

21 (645) 9-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന് സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 9-ാം പഞ്ചവത്സര പദ്ധതിയിൽ കൈവരിക്കേണ്ട നേട്ടങ്ങൾ ദേശീയ ശരാശരിയിൽ എത്തുന്നതിനുവേണ്ടി എന്ത് അധികവിഭവ സമാഹരണം സംസ്ഥാനം ഒറ്റയ്ക്ക് നടത്തേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് പൊതുമേഖല, സ്വകാര്യ മേഖല എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സർക്കാർ ഏതെല്ലാം രീതിയിലാണ് മൂലധനം സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്നും അതിന്റെ പ്രവർത്തന പുരോഗതി എത്രയെന്നും വെളിപ്പെടുത്തുമോ;

(ഇ) സ്വകാര്യ മേഖലയിലെ നിക്ഷേപം ലഭ്യമാക്കുന്നതിനു മറുനാടൻ മലയാളികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒൻപതാം പദ്ധതിക്കാലത്ത് പ്രതിശീർഷ വരുമാനം ദേശീയതലത്തിലേതിനോട് തുല്യമാകണമെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയതലത്തിൽ ലക്ഷ്യമിട്ടിട്ടുള്ള ഏഴു ശതമാനം കവിഞ്ഞിരിക്കണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഓരോ വാർഷിക പദ്ധതിയിലും ഉത്പാദനോന്മുഖമായ പരിപാടികൾക്ക് ആവശ്യമായ തുക നീക്കിവയ്ക്കുകയും അവയുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്. ജലസേചനം, വൈദ്യുതി ഉത്പാദനം, വ്യാവസായിക പശ്ചാത്തല സൗകര്യങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് ആർ.ഐ.ഡി.എഫ്. പോലുള്ള സ്രോതസ്സുകളിൽനിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ട് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ 40 ശതമാനം തുകയെങ്കിലും ഉത്പാദന മേഖലയ്ക്ക് നീക്കിവയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly